പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2992 **29-10-2026-ൽ മറുപടിയ്ക്ക്**

പി. എം. ശ്രീ. പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പി. എം. ശ്രീ. പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് പഠിക്കുന്നതിന് രൂപം നൽകിയ മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

മറുപടി: പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിഷയം പഠിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ, 18.6.2026 -ലെ ജി.ഒ. (എം.എസ്.) നം. 107/2026/ പൊ.വി.വ. പ്രകാരം, രൂപീകരിക്കപ്പെട്ട മന്ത്രിസഭാ ഉപസമിതി പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചുവരികയാണ്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ബി) മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് വൈകുന്നത് എന്തുകൊണ്ടാണ്; പി. എം. ശ്രീ. പദ്ധതി നടപ്പിലാക്കണമോ വേണ്ടയോ എന്നതിൽ സർക്കാരിന് വ്യക്തതയുണ്ടോ;

മറുപടി: മന്ത്രിസഭാ ഉപസമിതി പി.എം. ശ്രീ പദ്ധതി സംബന്ധിച്ച വിവിധ വശങ്ങൾ വിശദമായി പരിശോധിച്ചുവരികയാണ്. പദ്ധതിയുടെ വ്യവസ്ഥകൾ, സംസ്ഥാനത്തിന്റെ വിദ്യാഭ്യാസനയവും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അധികാരങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട സാമ്പത്തിക സഹായം എന്നിവ കണക്കിലെടുത്ത് സമഗ്രമായ പരിശോധന ആവശ്യമായതിനാലാണ് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത്. ഉപസമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പി. എം. ശ്രീ. പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകൾ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള യാതൊരു നടപടികളും കേരളം ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നും, സംസ്ഥാനങ്ങൾക്ക് പദ്ധതിയിൽ നിന്നും പിന്മാറാവുന്നതാണെന്നും കേന്ദ്രസർക്കാർ പാർലമെന്റിൽ കേരളത്തിൽ നിന്നുമുള്ള എം.പി. മാരുടെ ചോദ്യത്തിന് മറുപടി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത മറുപടി ശേഖരിച്ച് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് നൽകാനുള്ള നടപടി സ്വീകരിക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പി. എം. ശ്രീ. പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് തടഞ്ഞുവെക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>മറുപടി:</u> സംസ്ഥാനത്ത് പി.എം. ശ്രീ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പിട്ടതിനാൽ നിലവിൽ സംസ്ഥാനം പദ്ധതിയുടെ ഭാഗമാണെന്നും അതിനാൽ പദ്ധതി നടപ്പിലാക്കിയാലെ എസ്.എസ്.കെ പദ്ധതിക്ക് ഫണ്ട് നൽകാനാകൂ എന്നും കേന്ദ്രസർക്കാർ മീറ്റിംഗുകളിൽ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാത്തതിനാൽ, സമഗ്ര ശിക്ഷാ കേരളം (SSK), പി.എം. ജൻമൻ (PM JAN MAN), ഡി.എ.ജെ.ജി.യു.എ (DAJGUA), ഡയറ്റ്സ് ഓഫ് എക്സലൻസ് (DIETs of Excellence) എന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്ത് ലഭ്യമാകേണ്ടിയിരുന്ന കേന്ദ്ര വിഹിതം തടഞ്ഞുവെച്ചിരിക്കുകയാണ്. 2023-2024 മുതൽ ഇത്തരത്തിൽ സംസ്ഥാനത്തിന് ലഭ്യമാകാനുള്ള തുകയുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

(തുക കോടിയിൽ)

ക്രമ നം.	പദ്ധതി	വർഷം	അംഗീകരിച്ച അടങ്കൽ തുക	ആനുപാതിക കേന്ദ്ര വിഹിതം (60%)	ലഭിച്ച കേന്ദ്ര വിഹിതം	കേന്ദ്ര വിഹിതം ലഭിക്കാനുള്ളത്
1.	SSK	2023–2024	702.72	421.63	141.06	280.57
2.	SSK	2024–2025	855.90	513.54	0	513.54
3.	SSK	2025–2026	761.08	456.65	99.27	357.38
4.	SSK	2026–2027	722.79	433.67	0	433.67
5.	PM JANMAN	2023–2024 2024–2025	10.33	6.198	0.60	5.598
6.	DIET's of Excellence	2023–2024	21.44	12.864	0	12.864
7.	DA JGUA	2024–2025	5.95	3.57	0	3.57
Total				**1848.12**	**240.93**	**1607.192**